# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE : 22.09.2026**

## പ്രധാനവാർത്തകൾ

1. 72-ാമത് ദേശീയ ചലച്ചിത്ര പുരസ്കാരങ്ങൾ രാഷ്ട്രപതി ദ്രൗപദി മുർമു ഇന്ന് ഗുജറാത്തിൽ സമ്മാനിക്കും. മലയാളത്തിൻറെ അഭിമാന താരമായ മമ്മൂട്ടി ഉൾപ്പടെ പുരസ്കാരം ഏറ്റുവാങ്ങും.

2. ഒമ്പതാമത് 'ഇന്ത്യ അന്താരാഷ്ട്ര ജല വാരത്തിന് ന്യൂഡൽഹിയിൽ തുടക്കമായി. ജലവിഭവങ്ങൾ സംരക്ഷിക്കേണ്ടത് മനുഷ്യരാശിയുടെ നിലനില്പിന് അനിവാര്യമാണെന്ന് ഉപരാഷ്ട്രപതി സി.പി. രാധാകൃഷ്ണൻ.

3. സ്ത്രീകൾക്ക് സൗജന്യ യാത്ര സാധ്യമാക്കിയ പ്രിയദർശിനി പദ്ധതി ജീവിതത്തിൻറെ സർവ്വ മേഖലകളിലും സ്വാധീനം ചെലുത്തിയതായി ഗതാഗതമന്ത്രി സി പി ജോൺ.

4. സമഗ്ര തീരസംരക്ഷണ വികസന പദ്ധതിയിൽ ഉൾപ്പെടുത്തി തിരുവനന്തപുരത്തെ പൊഴിയൂരിൽ കടൽഭിത്തി നിർമാണത്തിൻറെ ഉദ്ഘാടനം ഇന്ന് മുഖ്യമന്ത്രി വി.ഡി.സതീശൻ നിർവഹിക്കും.

5. സംസ്ഥാനത്ത് അടുത്ത അഞ്ച് ദിവസം ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. കേരള - കർണാടക - ലക്ഷദ്വീപ് തീരങ്ങളിൽ ഇന്ന് മത്സ്യബന്ധനത്തിന് വിലക്ക്.

RNU TVPM

**6.** **ഏഷ്യൻ ഗെയിംസ് വനിതാ 20-20 ക്രിക്കറ്റ് ഫൈനലിൽ ഇന്ത്യക്കെതിരെ ശ്രീലങ്കയ്ക്ക് 217 റൺ വിജയലക്ഷ്യം.**

*******************************

## ചലച്ചിത്ര പുരസ്കാരം - രാഷ്ട്രപതി

72-ാമത് ദേശീയ ചലച്ചിത്ര പുരസ്കാരങ്ങൾ രാഷ്ട്രപതി ദ്രൗപദി മുർമു ഇന്ന് ഗുജറാത്തിൽ വിതരണം ചെയ്യും. കേവഡിയയിലെ ഏകതാ നഗറിലാണ് പരിപാടി. 'ഭ്രമയുഗം' എന്ന ചിത്രത്തിലെ പ്രകടനത്തിന് മമ്മൂട്ടി മികച്ച നടനുള്ള പുരസ്കാരവും, ഷെഹനാദ് ജലാൽ മികച്ച ഛായാഗ്രാഹകനുള്ള പുരസ്കാരവും ഏറ്റുവാങ്ങും. 'എ.ആർ.എം' എന്ന ചിത്രത്തിലെ 'അങ്ങു വാനക്കോണില്' എന്ന ഗാനം ആലപിച്ച വൈക്കം വിജയലക്ഷ്മി മികച്ച ഗായികയ്ക്കുള്ള പുരസ്കാരം ഏറ്റുവാങ്ങും. നടൻ അനന്ത് നാഗിന് 2024-ലെ ദാദാസാഹെബ് ഫാൽക്കെ പുരസ്കാരവും സമ്മാനിക്കും.

RNU TVPM

*******************************

## ഉപരാഷ്ട്രപതി -ജൽ ശക്തി

ജലവിഭവങ്ങൾ സംരക്ഷിക്കേണ്ടതും വിപുലീകരിക്കേണ്ടതും മനുഷ്യരാശിയുടെ നിലനില്പിന് അനിവാര്യമാണെന്ന് ഉപരാഷ്ട്രപതി സി.പി. രാധാകൃഷ്ണൻ. ഒമ്പതാമത് 'ഇന്ത്യ അന്താരാഷ്ട്ര ജല വാരത്തിന് ന്യൂഡൽഹിയിൽ തുടക്കം കുറിക്കുകയായിരുന്നു ഉപരാഷ്ട്രപതി. ജലസ്രോതസുകളെ സംരക്ഷിക്കാൻ കൂട്ടായ പ്രവർത്തനം ആവശ്യമാണെന്നും ജലം ശ്രദ്ധയോടെ ഉപയോഗിക്കേണ്ടത് ഈ കാലഘട്ടത്തിൽ വളരെ പ്രധാനമാണെന്നും അദ്ദേഹം പറഞ്ഞു. 'കാലാവസ്ഥാ വ്യതിയാനത്തെ അതിജീവിക്കാവുന്ന , ജലവിഭവ പരിപാലനം' എന്ന പ്രമേയത്തിൽ ജൽ ശക്തി മന്ത്രാലയമാണ് അഞ്ച് ദിവസം നീളുന്ന പരിപാടി സംഘടിപ്പിക്കുന്നത്.

*******************************

## ദേശീയ സമ്മേളനം - അമിത് ഷാ

രാജ്യത്തെ ലഹരി വിരുദ്ധ ദൗത്യ സേന മേധാവികളുടെ മൂന്നാമത് ദേശീയ സമ്മേളനം കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ ന്യൂഡൽഹിയിൽ ഉദ്ഘാടനം ചെയ്യു. നാർക്കോട്ടിക്സ് കൺട്രോൾ ബ്യൂറോയാണ് രണ്ടുദിവസത്തെ സമ്മേളനം സംഘടിപ്പിക്കുന്നത്. ഐക്യദാർഢ്യത്തോടെയുള്ള തീരുമാനം, പങ്കുവെക്കപ്പെട്ട ഉത്തരവാദിത്തം എന്ന പ്രമേയത്തെ അടിസ്ഥാനമാക്കിയാണ് സമ്മേളനം നടക്കുന്നത്.

******************************

## പ്രിയദർശിനി–ഗതാഗതമന്ത്രി (ഇൻട്രോ)

വിവേചനം ഇല്ലാതെ സ്ത്രീകൾക്ക് സൗജന്യ യാത്ര സാധ്യമാക്കിയ പ്രിയദർശിനി പദ്ധതി ജീവിതത്തിൻറെ സർവ്വ മേഖലകളിലും സ്വാധീനം ഉണ്ടാക്കിയതായി ഗതാഗതമന്ത്രി സി പി ജോൺ. പദ്ധതി 100 ദിനം പൂർത്തിയാക്കിയതിൻറെ ഭാഗമായി സംഘടിപ്പിച്ച പരിപാടി ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. ഇതുവരെ 13 കോടി സ്ത്രീകൾ സൗജന്യയാത്ര ചെയ്യു. 266 കോടി രൂപയാണ് ഇതിനായി സർക്കാരിന് ചെലവായത്. ഓർഡിനറി സർവീസുകളിൽ പുരുഷ യാത്രക്കാരുടെ എണ്ണവും വർധിച്ചതായും, യാത്രാക്കൂലിയിൽ സ്ത്രീകൾ ലാഭിച്ച പൈസ പൊതുവിപണിയിൽ എത്തിയതായും മന്ത്രി പറഞ്ഞു. കേരളത്തിൻറെ വിനോദസഞ്ചാര മേഖലയെ കൂടുതൽ ശക്തിപ്പെടുത്താനുള്ള പദ്ധതികൾ കെഎസ്ആർടിസി ആവിഷ്കരിക്കുമെന്നും മന്ത്രി പറഞ്ഞു.

(വോയ്സ്)

കെഎസ്ആർടിസി ബജറ്റ് ടൂറിസം സെല്ലിനായി തയ്യാറാക്കിയ പുതിയ സോഫ്റ്റ്വെയർ, വെയിറ്റിങ് ലിസ്റ്റ് സംവിധാനം, ലക്ഷദ്വീപ്–ഹൈദരാബാദ് ആഡംബര സർവീസ് എന്നിവ ചടങ്ങിൽ ഉദ്ഘാടനംചെയ്തു. സോഫ്റ്റ്വെയർ നിലവിൽ വരുന്നതോടെ

RNU TVPM

യാത്രക്കാർക്ക് ബജറ്റ് ടൂറിസം പാക്കേജുകളുടെ ടിക്കറ്റ് ഓൺലൈൻ ബുക്ക് ചെയ്യാനാകും.

******************************

## ഗിഗ് തൊഴിലാളി

ഓൺലൈൻ ഡെലിവറി ജോലിക്കാർക്കുള്ള സംസ്ഥാനത്തെ ആദ്യ വിശ്രമകേന്ദ്രം GIGON നാളെ തിരുവനന്തപുരത്ത് തുറക്കും. തൊഴിൽവകുപ്പ് ഒരുക്കുന്ന വിശ്രമകേന്ദ്രം തിരുവനന്തപുരം ഊറ്റുകുഴിയിലാണ് പ്രവർത്തനം ആരംഭിക്കുന്നത്. മന്ത്രി ബിന്ദു കൃഷ്ണ ഉദ്ഘാടനം നിർവ്വഹിക്കും.

******************************

## ബ്രിക്സ്

12-ാമത് ബ്രിക്സ് പാർലമെൻററി ഫോറത്തിന് , ഡൽഹിയിലെ പാർലമെൻറ് ഹൗസ് സമുച്ചയത്തിൽ അടുത്തമാസം 26 ന് വേദിയൊരുങ്ങും. പ്രധാനമന്ത്രി നരേന്ദ്ര മോദി ദ്വിദിന സമ്മേളനം ഉദ്ഘാടനം ചെയ്യും. 27 ന് നടക്കുന്ന സമാപന സമ്മേളനത്തെ ലോക് സഭ സ്പീക്കർ ഓം ബിർള അഭിസംബോധന ചെയ്യും.

RNU TVPM

******************************

## ബ്രേക്ക്

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്....

(ബ്രേക്ക്)

******************************

## പൊഴിയൂർ -കടൽഭിത്തി

തിരുവനന്തപുരം ജില്ലയിലെ പൊഴിയൂരിൽ കടൽഭിത്തി നിർമാണത്തിന്റെ ഉദ്ഘാടനം ഇന്ന് വൈകിട്ട് മുഖ്യമന്ത്രി വി.ഡി.സതീശൻ നിർവഹിക്കും. കിഫ്ബി ഫണ്ട്

വിനിയോഗിച്ച് 93.22 കോടി രൂപയുടെ സമഗ്ര തീരസംരക്ഷണ വികസന പദ്ധതിയാണ് പൊഴിയൂരിൽ നടപ്പാക്കുന്നത്.

******************************

## ആന്റോ അഗസ്റ്റിൻ

അബ്കാരി കേസിൽ റിപ്പോർട്ടർ ടിവി മാനേജിങ് ഡയറക്ടർ ആന്റോ അഗസ്റ്റിന് ജാമ്യം. ഹൈക്കോടതിയാണ് ജാമ്യം അനുവദിച്ചത്. സുൽത്താൻ ബത്തേരി ഫസ്റ്റ് ക്ലാസ് മജിസ്ട്രേട്ട് കോടതി ജാമ്യാപേക്ഷ തള്ളിയതിനെ തുടർന്നാണ് ആന്റോ അഗസ്റ്റിൻ ഹൈക്കോടതിയെ സമീപിച്ചത്. നേരത്തെ കേസിൽ ആന്റോയ്ക്ക് ഇടക്കാല ജാമ്യം നിഷേധിച്ചിരുന്നു.

******************************

## ഓട്ടോ രക്ഷ - പാലക്കാട് (ഇൻട്രോ)

RNU TVPM

പാലക്കാട് നിയോജകമണ്ഡലത്തിലെ മുഴുവൻ ഓട്ടോറിക്ഷ ഡ്രൈവർമാർക്കും സി.പി.ആർ പരിശീലനം നൽകുന്ന 'ഓട്ടോ രക്ഷ' പദ്ധതി നടപ്പാക്കുന്നു. പൊതുജനങ്ങളുമായി ഏറ്റവും അടുത്ത് നിൽക്കുന്ന വിഭാഗം എന്ന നിലയിലാണ് ഓട്ടോ തൊഴിലാളികളെ ഇതിൻറെ ഭാഗമാക്കിയതെന്ന് പദ്ധതിക്ക് നേതൃത്വം നൽകുന്ന രമേഷ് പിഷാരടി എം.എൽ.എ പറഞ്ഞു. **കൂടുതൽ വിവരങ്ങളുമായി ആകാശവാണി പാലക്കാട് ജില്ലാ പ്രതിനിധി ഫൈസൽ അലിമുത്ത്.............**

(വോയ്സ്)

******************************

## സേവാ സങ്കൽപ് അഭിയാൻ

പ്രധാനമന്ത്രി നരേന്ദ്രമോദി, പൊതുസേവന രംഗത്ത് 25 വർഷം പൂർത്തിയാക്കുന്നതിൻറെ ഭാഗമായി രാജ്യമെമ്പാടും സേവാ സങ്കൽപ് അഭിയാൻ പരിപാടികൾ പുരോഗമിക്കുന്നു.

ജനസേവനത്തിലൂടെ സദ്ഭരണം എന്ന കാഴ്ചപ്പാടോടെ , 2047-നകം 'വികസിത ഭാരതം' എന്ന ലക്ഷ്യത്തിലേക്ക് മുന്നേറുകയാണ് സർക്കാർ. പ്രകടനത്തെ അടിസ്ഥാനമാക്കി ആനുകൂല്യങ്ങൾ നൽകുന്ന, PLI അഥവാ 'പ്രൊഡക്ഷൻ ലിങ്ക്ഡ് ഇൻസെന്റീവ്' പദ്ധതി അത്തരത്തിൽ മികച്ച പിന്തുണയാണ് ഉൽപ്പാദകർക്ക് നൽകുന്നത് . ആഭ്യന്തര ഉൽപ്പാദനം പ്രോത്സാഹിപ്പിക്കാനും ഇറക്കുമതി കുറയ്ക്കാനും ഈ പദ്ധതി ലക്ഷ്യമിടുന്നു. ആഭ്യന്തര യൂണിറ്റുകളിൽ നിർമ്മിക്കുന്ന ഉൽപ്പന്നങ്ങളുടെ വിൽപ്പന വർധിക്കുന്നതനുസരിച്ച് ആഭ്യന്തര സംരംഭകർക്ക് കൂടുതൽ ആനുകൂല്യങ്ങൾ PLI പദ്ധതി വഴി ലഭ്യമാക്കും.

******************************

RNU TVPM

## മഴ - സംസ്ഥാനം

സംസ്ഥാനത്ത് അടുത്ത അഞ്ച് ദിവസം ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. നാളെ മൂന്ന് ജില്ലകളിലും മറ്റന്നാൾ അഞ്ച് ജില്ലകളിലും മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചിട്ടുണ്ട്. ഉരുൾപൊട്ടലിനും മണ്ണിടിച്ചിലിനും സാധ്യതയുള്ളതിനാൽ ജനങ്ങൾ ജാഗ്രത പാലിക്കണമെന്ന് ദുരന്ത നിവാരണ അതോറിറ്റി മുന്നറിയിപ്പ് നൽകി. മോശം കാലാവസ്ഥയെ തുടർന്ന് കേരള - കർണാടക - ലക്ഷദ്വീപ് തീരങ്ങളിൽ ഇന്ന് മത്സ്യബന്ധനത്തിന് വിലക്ക് ഏർപ്പെടുത്തിയിട്ടുണ്ട്.

******************************

## കാൽപന്ത് കളി(ഇൻട്രോ)

കേരളത്തിലെ കാൽപന്ത് കളി ആരാധകർ ആവേശത്തോടെ കാത്തിരിക്കുന്ന ബ്രസീലിയൻ ഇതിഹാസതാരങ്ങളും ഇന്ത്യൻ മുൻ നിര താരങ്ങളും തമ്മിൽ ഏറ്റുമുട്ടുന്ന ഫുട്ബോൾ മത്സരം

നാളെ. വൈകിട്ട് 7.30ന് കൊച്ചി കലൂർ അന്താരാഷ്ട്ര സ്റ്റേഡിയത്തിലാണ് മത്സരം. തിരക്ക് പരിഗണിച്ച് കൊച്ചി മെട്രോ അധിക സർവീസും ഏർപ്പെടുത്തിയിട്ടുണ്ട്.

**വിശദാംശങ്ങളുമായി ആകാശവാണി എറണാകുളം ജില്ലാ പ്രതിനിധി പി നഹീമ.............**

(വോയ്സ്)

******************************

## ഏഷ്യൻ ഗെയിംസ് വനിതാ 20-20

ജപ്പാനിൽ നടക്കുന്ന ഏഷ്യൻ ഗെയിംസ് വനിതാ 20-20 ക്രിക്കറ്റ് ഫൈനലിൽ ഇന്ത്യക്കെതിരെ ശ്രീലങ്കയ്ക്ക് 217 റൺ വിജയലക്ഷ്യം. നിലവിൽ നാല് വെള്ളിയും രണ്ട് വെങ്കലവുമടക്കം ആറ് മെഡലുകൾ നേടി ഇന്ത്യ 12-ാം സ്ഥാനത്താണ് .

******************************

## സുബ്രതോ കപ്പ് ഫുട്ബോൾ

ഡൽഹിയിൽ നടക്കുന്ന ദേശീയ സുബ്രതോ കപ്പ് ഫുട്ബോൾ ചാമ്പ്യൻഷിപ്പിൻറെ അണ്ടർ-17 വിഭാഗം സെമിഫൈനലിൽ കേരളം ഇന്ന് ഇറങ്ങും . കേരളത്തെ പ്രതിനിധീകരിച്ച് പങ്കെടുക്കുന്നത് മലപ്പുറം അത്താണിക്കൽ MIC EM HSS ടീമാണ്. സെമിഫൈനലിൽ ബംഗളൂരു ആർമി ബോയ്സ് സ്കൂളിനെയാണ് കേരളം നേരിടുന്നത് . കഴിഞ്ഞവർഷം കേരളത്തിനായി കോഴിക്കോട് ഫാറൂഖ് HSS കിരീടം നേടി.

******************************

RNU TVPM

## ഓഹരി + സ്വർണം

രാജ്യത്തെ ഓഹരി വിപണികൾ നഷ്ടത്തോടെ വ്യാപാരം ആരംഭിച്ചു. സെൻസെസ് 132 പോയിന്റ് താഴ്ന്ന് 74,729 ലും നിഫ്റ്റി 31 പോയിന്റ് താഴ്ന്ന് 23,383ലും വ്യാപാരം പുരോഗമിക്കുന്നു. സ്വർണ വിലയിൽ വർധന. പവന് 120 രൂപ വർദ്ധിച്ച് ഒരു ലക്ഷത്തി 13,480 രൂപയും ഗ്രാമിന് 14,185 രൂപയുമാണ് ഇന്നത്തെ വില.

********************************************************************************************************************************************************

RNU TVPM